(സി) പാലക്കാട് ജില്ലയിലെ നെൽകൃഷിയിടങ്ങൾ വരൾച്ചയിൽ നിന്നും വെള്ളപ്പൊക്ക ഭീഷണിയിൽനിന്നും സംരക്ഷിക്കാൻ ജലസേചന വകുപ്പുമായി ചേർന്ന് എന്തെല്ലാം പദ്ധതികളാണ് കൃഷിവകുപ്പു ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ പോകുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2003-ലെ കടുത്ത വരൾച്ചമൂലം പാലക്കാട് ജില്ലയിൽ ഏകദേശം 5325 ഹെക്ടർ സ്ഥലത്തെ നെൽകൃഷി നശിച്ചിട്ടുണ്ട്.

(ബി) വിരിപ്പുവിളയ്ക്ക് നെൽകൃഷി നശിച്ചുപോയ കർഷകർക്ക് കണ്ടിജൻസി പദ്ധതി പ്രകാരം നെൽവിത്ത് സൗജന്യമായി നൽകി വരുന്നു. 104.3 ടൺ നെൽവിത്ത് സൗജന്യമായി നൽകിയിട്ടുണ്ട്. ഏകദേശം 300 ടൺ വിത്തു കൂടി സീഡ് അതോറിറ്റി മുഖേന ഉടൻ വിതരണം ചെയ്യുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കണ്ടിജൻസി പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിലെ പൊതുകുളങ്ങൾ നന്നാക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്. കൂടാതെ ആർ. എസ്. വി. വൈ. പദ്ധതിയിൽ ജലസേചന വകുപ്പും വിവിധ ജലസേചന പദ്ധതികൾ ഏറ്റെടുക്കുവാനും നിലവിലുള്ളത് പുനരുദ്ധരിക്കാനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇപ്പോഴുള്ള തോടുകളും കുളങ്ങളും നന്നാക്കുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആർ. എസ്. വി. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്.

നഗരപ്രദേശത്തെ വീട്ടമ്മമാരുടെ ക്ഷേമത്തിനായി പദ്ധതികൾ

76 (1871) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ വകുപ്പ് നേരിട്ട് നടപ്പാക്കുന്ന പദ്ധതികളിൽ നഗര പ്രദേശത്തെ വീട്ടമ്മമാരുടെ ക്ഷേമത്തിനായി ഏതെല്ലാം പദ്ധതികൾ നിലവിലുണ്ട് ;

(ബി) പുതിയ ഏതെങ്കിലും പദ്ധതികൾ ഇത്തരക്കാരുടെ വരുമാന വർദ്ധനവിനു വേണ്ടി പരിഗണിക്കുമോ ;

(സി) മുട്ടക്കോഴി, കാട, മുയൽ മുതലായവ വളർത്താൻ പരിശീലനം നൽകുന്ന പരിപാടികൾ നിലവിലുണ്ടോ ;

(ഡി) മുനിസിപ്പൽ-കോർപ്പറേഷൻ പ്രദേശങ്ങളിൽ ഈ ചുമതലകൾ ഏറ്റെടുത്ത് നടത്തുന്നതും നിരീക്ഷിക്കുന്നതും ആരാണെന്നറിയിക്കുമോ ?

ഉത്തരം

(എ&ബി) കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നഗര പ്രദേശങ്ങളിലെ വനിതാ സ്വാശ്രയ സംഘങ്ങൾവഴി വീട്ടമ്മമാരുടെ ക്ഷേമത്തിനായി മുട്ടക്കോഴികുഞ്ഞുങ്ങളെ ആവശ്യാനുസരണം വിതരണം ചെയ്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) ഉണ്ട്. മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ മൃഗാശുപത്രിയിലുള്ള ഉദ്യോഗസ്ഥനാണ് കർഷകർക്കുള്ള മൃഗസംരക്ഷണ പരിപാടികൾ നടപ്പിലാക്കുന്നത്.

സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന നെല്ല്

77 (1872) ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീമതി മെഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇന്ന് ഉൽപ്പാദിപ്പിക്കുന്ന നെല്ലിന്റെ അളവ് എത്രയാണ് ;

(ബി) സംസ്ഥാനത്ത് നെല്ലിന്റെ ഉല്പാദനക്ഷമത എത്രയാണ് ;

(സി) സംസ്ഥാനത്തിനു ആവശ്യമായ അരിയാഹാരത്തിനുള്ള നെല്ല് സ്വന്തമായി ഉൽപ്പാദിപ്പിക്കുന്നതിന് നെല്ലിന്റെ ഉൽപ്പാദനം എത്ര കണ്ട് വർദ്ധിപ്പിക്കേണ്ടതുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2001-2002-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 10.553 ലക്ഷം ടൺ നെല്ല് ഉല്പാദിപ്പിച്ചിട്ടുണ്ട്. 2002-2003-ലെ കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) 2001-2002-ലെ കണക്കനുസരിച്ച് നെല്ലിന്റെ ഉല്പാദനക്ഷമത ഹെക്ടറിനു 3273 കിലോഗ്രാമാണ്.

(സി) നെല്ലിന്റെ ഉല്പാദനം 57.81 ലക്ഷം ടൺ ആയി വർദ്ധിപ്പിക്കേണ്ടതുണ്ട്.

ജൈവകർഷക സാക്ഷ്യപത്രം നൽകുന്നതിനു സ്വീകരിച്ചിട്ടുള്ള മാനദണ്ഡം

78 (1873) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവകർഷക സാക്ഷ്യപത്രം നൽകുന്നതിനു കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും മാനദണ്ഡം വച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) എങ്കിൽ അതെന്തെന്ന് വിശദീകരിക്കുമോ ;

(സി) പ്രസ്തുത മാനദണ്ഡങ്ങൾക്ക് വമ്പിച്ച പ്രചാരം കൊടുത്തിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ മാനദണ്ഡ പ്രകാരം സംസ്ഥാനത്ത് ഏതെങ്കിലും ജൈവകർഷക സംഘങ്ങൾക്ക് സാക്ഷ്യപത്രം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly